കാഴ്ചപ്പാട്

എൻ.കെ.എം ശുകൂർ

# ഇസ്‌ലാമിക ചിന്ത പുനരാലോചനയുടെ പ്രസക്തി

ഇസ്‌ലാമിക ചിന്ത എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് തന്റെ കാഴ്ചപ്പാട് അവതരിപ്പിക്കുകയാണ് ലേഖകൻ. വായനക്കാരുടെ അഭിപ്രായങ്ങൾ ക്ഷണിക്കുന്നു

**ഇസ്‌ലാമികജീവിതം** ക്ലിഷ്ടമായ ഒരനുഷ്ഠാനമായി മാറുകയാണോ? വിശുദ്ധ ഗ്രന്ഥത്തിലില്ലാതിരുന്നിട്ടും ഒരുപാട് നിഷിദ്ധങ്ങളുടെയും വിലക്കുകളുടെയും മഹാപ്രളയത്തിൽ വിഹ്വലമായിപ്പോകുന്നു നമ്മുടെ ജീവിതം. സ്വാഭാവിക ജീവിതത്തിന്റെ വിപുലമായ വൃത്തത്തിന് അസ്വാഭാവികത ലോപം വരുത്തിവെക്കുന്നു. നൈസർഗികതകൾ നിരോധിക്കപ്പെടുന്നു. സർഗപരമായ ചോദനകൾക്ക് വിലക്കു വീഴുന്നു. ദൈവദത്തമായ സ്വാഭാവിക പ്രകൃതിയെ നിരാകരിച്ച് അന്യമായ പലതും സ്വീകരിക്കലാണ് ഇസ്‌ലാം എന്ന് ധരിക്കപ്പെടുന്നേടത്തോളം കാര്യങ്ങൾ എത്തിനിൽക്കുന്നു.

അത്തരം സമീപനങ്ങളാകട്ടെ, സമൂഹത്തിൽ കടുത്ത ഭിന്നതകൾക്ക് വഴിവെക്കുന്നു. ജീവിതത്തിന്റെ ഒട്ടുമിക്ക വേദികളും തർക്കവിതർക്കങ്ങൾക്ക് വിധേയമാണിന്ന്. പരസ്പരമുള്ള കടുത്ത ശത്രുതക്ക് പോലും ഹേതുവായിത്തീർന്നിരിക്കുന്നു ആ ഭിന്നതകൾ. വ്യത്യസ്ത വിഭാഗങ്ങൾ തമ്മിൽ കടുത്ത അസ്പൃശ്യതയും വൈരവുമാണ് കാണുന്നത്.

എന്തുകൊണ്ടിത് സംഭവിക്കുന്നു? ഖുർആനും ജീവിതവും തമ്മിലുള്ള താദാത്മ്യം വേർപിരിയുന്നതെവിടെ വെച്ചാണ്? പ്രകൃതി മതം എന്ന് ഉദ്ഘോഷിക്കപ്പെടുന്ന ഇസ്‌ലാം നൈസർഗികതകളെ നിരാകരിക്കുന്നേടത്തെത്തുന്നതെപ്പോൾ? വിശകലനമർഹിക്കുന്ന സന്ദേശങ്ങളാണിവ.

### ചില അടിസ്ഥാനങ്ങൾ

ഇത്തരം സന്ദേഹങ്ങളുടെ മറുപടി അന്വേഷിക്കുമ്പോൾ, ആമുഖമായി ഇസ്‌ലാമിക കർമശാസ്ത്രത്തിന്റെ സർവാംഗീകൃതമായ ചില അടിസ്ഥാന പാഠങ്ങൾ അനുസ്മരിക്കുന്നത് സംഗതമായിരിക്കും. വളരെ പ്രാഥമികമെന്ന് വിശേഷിപ്പിക്കാവുന്ന അത്തരം പാഠങ്ങളിൽ ഒന്നാമത്തേത് 'അടിസ്ഥാനപരമായി എല്ലാം അനുവദനീയമാണ്; വ്യക്തമായ പ്രമാണങ്ങളാൽ നിരോധിക്കപ്പെട്ടെങ്കിലല്ലാതെ' എന്നതാണ്. 'ഉദ്ദേശിച്ചേടത്ത് നിന്ന് ഇഷ്ടാനുസാരം ആഗ്രഹിച്ചതൊക്കെ ആഹരിച്ചുകൊള്ളുക, എന്നാലോ ഈ മരത്തോട് നിങ്ങൾ അടുക്കരുത്' എന്ന് ആദ്യമേ തന്നെ ആദമിനോട് നിർദേശം നൽകിയത് അക്കാരണത്താലാകാനാണ് സാധ്യത. പരമമായ സ്വാതന്ത്ര്യം; എന്നാലോ ഒരൊറ്റ വൃക്ഷത്തിന്റെ ഫലം മാത്രം വിലക്കപ്പെട്ടിരിക്കുന്നു. ഇതുതന്നെയാണ് എന്നത്തെയും അവസ്ഥ. അല്ലറ ചില്ലറ നിരോധങ്ങളും ചില തലങ്ങളിലുള്ള അനിവാര്യമായ സംസ്കരണങ്ങളുമൊഴിച്ചാൽ ഇസ്‌ലാമികദൃഷ്ട്യാ മനുഷ്യൻ സർവഥാ സ്വതന്ത്രനാണ്. ആ സ്വാതന്ത്ര്യത്തിന്റെ പ്രവിശാലമായ വാതായനങ്ങൾ ജീവിതത്തിന്റെ മുന്നിൽ കൊട്ടിയടക്കപ്പെട്ടു കൂടാ. അഥവാ അങ്ങനെ സംഭവിച്ചാൽ മനുഷ്യപ്രകൃതിയോട് ചെയ്യുന്ന അനീതിയായിരിക്കുമത്. ജീവിതത്തെ കുടുസ്സാക്കലുമായിരിക്കും. 'നിങ്ങൾക്ക് എളുപ്പമാണ് അല്ലാഹു കാംക്ഷിക്കുന്നത്, അവൻ നിങ്ങൾക്ക് പ്രയാസം കാംക്ഷിക്കുന്നില്ല', 'അല്ലാഹു നിങ്ങൾക്ക് (ജീവിതം) ലഘൂകരിക്കാനാണ് ആഗ്രഹിക്കുന്നത്. കാരണം മനുഷ്യൻ ദുർബലനായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്' എന്ന് അല്ലാഹു പറയുന്നുണ്ടല്ലോ. പക്ഷേ, ആ സ്വാതന്ത്ര്യങ്ങളിൽ പലതുമാണ് മനുഷ്യന്റെ അനർഹവും അപക്വവും വികലവുമായ ഇടപെടലുകളിലൂടെ കൊട്ടിയടക്കപ്പെടുന്നത്. ദൈവം അവന്നനുവദിച്ച എളുപ്പങ്ങളിൽ പലതുമാണ് കുടുസ്സും ദുഷ്കരവും ആയിത്തീരുന്നത്. തദ്വാരാ തികച്ചും ക്ലിഷ്ടമായൊരു തലത്തിലേക്ക് അവന്റെ ജീവിതം എടുത്തെറിയപ്പെടുന്നു.

രണ്ടാമതായി, ഖുർആനാണ് ഇസ്‌ലാമിക നിയമവ്യവസ്ഥയുടെ പ്രഥമവും അടിസ്ഥാനപരവുമായ പ്രാമാണിക സ്രോതസ്സായി സർവരാലും അംഗീകരിക്കപ്പെട്ടിരിക്കുന്നത്. അതിനർഥം ഏതു പ്രതിസന്ധിയിലും പരിഹാരാർഥം സത്യവിശ്വാസി ആദ്യമായി അവലംബിക്കേണ്ടത് ഖുർആൻ ആയിരിക്കണമെന്നാണ്. "നിങ്ങൾ ഏതെങ്കിലും വിഷയത്തിൽ ഭിന്നാഭിപ്രായമുള്ളവരായാൽ, ആ വിഷയം അല്ലാഹുവിലേക്കും പിന്നെ അവന്റെ ദൂതനിലേക്കും മടക്കുക" (ഖുർആൻ). അതിലില്ലെങ്കിൽ പിന്നെ സുന്നത്ത്. അതാണ് ഖുർആന്റെ ആഹ്വാനം. എന്നാൽ, ഇവ്വിഷയകമായി മുസ്‌ലിം പണ്ഡിതന്മാർ മറ്റു ചില അടിസ്ഥാനങ്ങൾകൂടി ആവിഷ്കരിച്ചതായി കാണാം. ഇജ്മാഅ്, ഖിയാസ്, മസാലിഹ് മുർസല, ഇസ്തിഹ്സാൻ, ഉർഫ് എന്നിങ്ങനെ പോകുന്നു, ആ നിയമ നിർധാരണ സ്രോതസ്സുകൾ. ഈ ഗണത്തിൽ ചർച്ച ചെയ്യപ്പെട്ട ഒന്നാണ് സ്വഹാബിമാരുടെ വചനങ്ങളും ഫത്‌വകളും. അവ പ്രമാണമാണെന്നും അല്ലെന്നുമുള്ള അഭിപ്രായങ്ങൾ പണ്ഡിതന്മാർക്കിടയിൽ നിലവിലുണ്ട്.

### പുതിയ അടിസ്ഥാനം

കാലപ്രയാണത്തിൽ സംഭവിക്കുന്ന പുരോഗതിയും വികസനവുമൊക്കെ പുതിയ പുതിയ സാഹചര്യങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കുക സാധാരണമാണ്. അതിനൊക്കെ ഇസ്‌ലാമികമായ പരിഹാരം കണ്ടെത്തേണ്ടതും അനിവാര്യമത്രെ. അത്തരം പ്രശ്നങ്ങൾക്ക് ഇസ്‌ലാമികവിധികളുടെ നിർധാരണം നടക്കേണ്ടത് മേൽസൂചിപ്പിച്ച അടിസ്ഥാനങ്ങളിൽനിന്നാണ്. പക്ഷേ, അതിൽനിന്ന് തികച്ചും വ്യത്യസ്തമായി, പ്രയോഗതലത്തിൽ മറ്റൊരു രീതി അവലംബിച്ചാണ് കാര്യങ്ങൾ നീങ്ങുന്നത്. അഥവാ, നവംനവങ്ങളായ പ്രശ്നങ്ങളുടലെടുക്കുമ്പോൾ പ്രശ്നപരിഹാരാർഥം ആദ്യമായി സമീപിക്കേണ്ട ഖുർആന് പകരം ആധുനിക ഇസ്‌ലാമിക ഗവേഷകർ സമീപിക്കുന്നത് പ്രാചീനരോ അർവാചീനരോ ആയ പണ്ഡിതന്മാർ എന്തു പറഞ്ഞുവെച്ചിരിക്കുന്നു എന്നതിനെയാണ്.

യാഥാസ്ഥിതിക വിഭാഗം വിശിഷ്യാ അതൊരു അടിസ്ഥാനമായിത്തന്നെ അംഗീകരിച്ചിരിക്കുന്നു. 'തഖ്‌ലീദ്' പാടില്ലെന്നും ഇജ്തിഹാദിന്റെ കവാടങ്ങൾ

കൊട്ടിയടക്കപ്പെട്ടിട്ടില്ലെന്നും പ്രഘോഷിക്കുന്ന ഉൽപതിഷ്ണുക്കൾ പോലും ഇവ്വിഷയത്തിൽ സ്വീകരിക്കുന്ന നിലപാട് മറ്റൊന്നല്ല. ചുരുങ്ങിയ പക്ഷം പ്രഥമ പരിഗണനയെങ്കിലും നൽകിവരുന്നത് പണ്ഡിതന്മാരുടെ വചനങ്ങൾക്കാണ്. ഇജ്തിഹാദിന്റെ അടിസ്ഥാനങ്ങൾ ഖുർആനും സുന്നത്തുമായിരിക്കണമെന്ന വിഷയത്തിൽ ആർക്കുമില്ല സംശയം. എന്നിട്ടും സംഭവിക്കുന്നതോ? ഏതോ കാലത്ത്, പ്രത്യേക സാഹചര്യങ്ങളിൽ ഏതൊക്കെയോ പണ്ഡിതന്മാർ പറഞ്ഞുവെച്ച കാര്യങ്ങൾ തേടിപ്പിടിക്കാനുള്ള തത്രപ്പാടിനെയാണിന്ന് ഗവേഷണമെന്ന് വിശേഷിപ്പിക്കുന്നത്. ആ ധർമം കൃതാർഥതയോടെ നിർവഹിക്കുന്നവരോ ആധുനിക ഇസ്‌ലാമിക ഗവേഷകരും!

### പരിമിതികൾ

ഇവിടെ ഗവേഷണത്തിന് അവലംബിക്കപ്പെടേണ്ട പ്രമാണങ്ങളുടെ ക്രമാനുഗതികത്വം നഷ്ടപ്പെടുന്നു എന്നത് മാത്രമല്ല പ്രശ്നം. നിയമ നിർധാരണത്തിന്റെ അടിസ്ഥാനങ്ങളായി അംഗീകരിക്കപ്പെട്ട പ്രമാണങ്ങളിൽ പുതിയ ഒരടിസ്ഥാനം കൂട്ടിച്ചേർക്കപ്പെടുകയും ഖുർആനേക്കാളും സുന്നത്തിനേക്കാളും അതിന് പ്രാമുഖ്യം നൽകപ്പെടുകയും ചെയ്യുന്നു എന്ന ഗുരുതരമായ ഒരപചയം കൂടി സംഭവിക്കുന്നുണ്ടിവിടെ. സ്വഹാബിമാരുടെ വചനങ്ങളും ഫത്‌വകളും പോലും പ്രമാണയോഗ്യമല്ല എന്ന് ചിലർക്കെങ്കിലും ശക്തമായ അഭിപ്രായമുള്ളേടത്ത്, പിൻഗാമികളായ പണ്ഡിതന്മാരുടെ ഗവേഷണ പഠനങ്ങളും നിഗമനങ്ങളും അപ്രമാദിത്വമാർന്ന പ്രമാണമായി അംഗീകരിക്കപ്പെടുന്നത് വിരോധാഭാസമത്രെ.

ഇത്തരമൊരു സമീപനം സ്വീകരിക്കുമ്പോൾ സംഭവിക്കുന്ന പരിമിതികൾ പലതാണ്. ഒന്നാമതായി എത്ര വലിയ പണ്ഡിതനും മാനുഷികമായ പരിമിതികളിൽനിന്ന് മുക്തരല്ല. എല്ലാ പണ്ഡിതന്മാരും താന്താങ്ങളുടെ കാലത്ത് അതുല്യവും മഹത്തരവും നിസ്സീമവുമായ സേവനങ്ങൾ അർപ്പിച്ചു എന്നത് അംഗീകരിക്കുന്നതോടൊപ്പം തന്നെ, അവരാരും സർവജ്ഞരല്ല എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. സർവകാല പരിജ്ഞാനവും ഒരു പണ്ഡിതനുമില്ല. സർവജ്ഞൻ അല്ലാഹു മാത്രമാണ്. കാലാതീതമായ ജ്ഞാനവും അവന് മാത്രം അവകാശപ്പെട്ടതാണ്. അപ്പോൾ പണ്ഡിതവചനങ്ങൾ അവർ ജീവിച്ച കാലത്ത് എത്രതന്നെ യോഗ്യവും യോജ്യവും ആയിരുന്നുവെങ്കിലും എക്കാലത്തേക്കും അത് അനുയോജ്യം (ഫിറ്റ്/*സ്വാലിഹ്*) ആയിക്കൊള്ളണമെന്നില്ല.

രണ്ടാമതായി, കർമശാസ്ത്രത്തിൽ പണ്ഡിതന്മാർതന്നെ അംഗീകരിച്ചതാണ്, സ്ഥലകാല വ്യത്യാസങ്ങൾക്കനുസരിച്ച് വിധികൾ (ഹുക്മുകൾ) മാറുമെന്ന വസ്തുത. ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസൃതമായും ഹുക്മുകൾ വ്യത്യാസപ്പെടാം. അതിനാൽതന്നെയാണ് 'ഫിഖ്ഹുസ്സമാനും' 'ഫിഖ്ഹുൽ മകാനും' 'ഫിഖ്ഹുൽ മഖാസ്വിദും' ഒക്കെ ഇസ്‌ലാമിക കർമശാസ്ത്രത്തിൽ സാങ്കേതിക സംജ്ഞകളായി സ്ഥാനം പിടിച്ചത്. പണ്ടേതോ കാലത്ത് ഏതോ സാഹചര്യത്തിൽ ഒരു പണ്ഡിതൻ എത്തിച്ചേർന്ന നിഗമനം എക്കാലത്തേക്കും യോജ്യമായ വിധി ആകാൻ തരമില്ല എന്നർഥം.

പണ്ഡിതന്മാരുടെ വിശകലനങ്ങൾ മുഖ്യാവലംബമാക്കുമ്പോൾ, ഇസ്‌ലാമിക നിയമവ്യവസ്ഥക്ക് വന്നുഭവിക്കുന്ന അർഥലോപവും ഖുർആന്റെ നസ്സ്വിൽനിന്നുള്ള അസ്വാഭാവികമായ അകൽച്ചയും സകാത്തിന്റെ മാത്രം ഉദാഹരണത്തിലൂടെ കൂടുതൽ വ്യക്തമാക്കാനാവും.

സകാത്തിന്റെ വിനിമയ മാർഗങ്ങൾ ഖുർആൻ വിശദീകരിക്കുന്നുണ്ട്: "ദാനധർമങ്ങൾ ദരിദ്രർക്കും അഗതികൾക്കും, അവ പിരിച്ചെടുത്ത് വിതരണം ചെയ്യാനുള്ള പ്രവർത്തനങ്ങളിലേർപ്പെട്ടവർക്കും മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമത്ത മോചനത്തിനും കടബാധ്യതകളിൽ പെട്ടുഴലുന്നവർക്ക് ആശ്വാസം നൽകുന്നതിനും ദൈവമാർഗത്തിലും വഴിയാധാരമായവനെ സഹായിക്കുന്നതിനുമാണ് ഉപയോഗിക്കേണ്ടത്. അല്ലാഹു നിർബന്ധമാക്കിയതാണത്. അല്ലാഹു അഗാധജ്ഞനും യുക്തിമാനുമാണ്." ഖുർആന്റെ ഈ വിശദീകരണം പ്രത്യക്ഷത്തിൽതന്നെ വ്യക്തമാക്കുന്നത്, വർഗ-വർണ വൈജാത്യങ്ങൾ പരിഗണിക്കാതെ മനുഷ്യസേവനപരമായ ഏതു മാർഗത്തിലും സകാത്തിന്റെ വിനിയോഗം സാധുവാണെന്ന് മാത്രമല്ല അനിവാര്യം കൂടിയാണെന്നാണ്. ഇത് പറയാനുപയോഗിച്ച ക്രമത്തിന് വല്ല പ്രാധാന്യവുമുണ്ടെങ്കിൽ, വിനിയോഗത്തിൽ ദാരിദ്ര്യനിർമാർജനത്തിന് പ്രാമുഖ്യം നൽകണമെന്ന ആശയം ഒരു പക്ഷേ നിഷ്പന്നമാകാം. എന്നിരുന്നാലും മൗലികമായ അതിന്റെ പൊതുലക്ഷ്യത്തെ ഒരിക്കലും നിരാകരിക്കുന്നില്ല ആ വിശദീകരണ ശൈലി. എന്നല്ല, അതിനെ അരക്കിട്ടുറപ്പിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. *ഫുഖറാഅ്, മസാകീൻ* എന്നിവരുടെ മതമോ ജാതിയോ പ്രത്യേകമെടുത്ത് പറഞ്ഞില്ല എന്നതിന് പുറമെ, 'അല്ലാഹുവിന്റെ മാർഗം' എന്ന വളരെ അർഥവൈപുല്യത്തോടെയുള്ള ഒരിനവും അല്ലാഹു പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു. കൂടാതെ, അല്ലാഹു നിർബന്ധമാക്കിയതാണത് എന്ന കണിശമായ പ്രസ്താവം സൂചിപ്പിക്കുന്നത് ഖുർആൻ എടുത്തുപറഞ്ഞ ഇനങ്ങളിലൊക്കെ അത് വിനിയോഗിക്കേണ്ടത് അനിവാര്യമാണ് എന്നുമാണ്. ഏത് മനുഷ്യന്റെയും നന്മക്കും സുഭിക്ഷതക്കും വേണ്ടി ചെലവഴിക്കപ്പെടുന്നതൊക്കെ ദൈവമാർഗത്തിലാകുമെന്ന കാര്യത്തിൽ സംശയം ഒട്ടുമുണ്ടാകേണ്ടതില്ല.

### ഇസ്‌ലാമിന്റെ ധർമം

പരലോകമോക്ഷം തന്നെയാണ് ഇസ്‌ലാമിന്റെ ഏറ്റവും പ്രാമുഖ്യമർഹിക്കുന്ന ലക്ഷ്യം എന്നതിൽ സംശയമില്ല. അതോടൊപ്പം ദൈവം തന്റെ അടിയാറുകൾക്ക് വർഗ, വർണ, വിശ്വാസ പരിഗണനകൾക്കതീതമായി ഈ ലോകത്ത് തന്നെ സുസ്ഥിതിയും സാമൂഹികനീതിയും പുലരണമെന്ന് ആഗ്രഹിക്കുന്നു. ഖുർആൻ അടിസ്ഥാനപരമായി അവലംബിച്ചിട്ടുള്ളത് ദൈവികതയിൽ ഊന്നിനിന്നുകൊണ്ടുള്ള വിശ്വസങ്കൽപവും മാനുഷികതയുമാണ്. ഏകമാനവികതയും മനുഷ്യർ തമ്മിൽ പുലരേണ്ട സാഹോദര്യവും സ്ഥിതിസമത്വവും നൈതികതയുമാണ്. മനുഷ്യനാണ് ഖുർആന്റെ അടിസ്ഥാനാശയമെന്ന് സാരം. അക്കാരണത്താൽതന്നെ ഇസ്‌ലാമിന്റെ സാമൂഹികനീതിയുടെ തണലിൽനിന്ന് ഒരു മനുഷ്യനെയും എന്നല്ല സചേതനമോ അചേതനമോ ആയ പ്രപഞ്ചത്തിലെ ഒരു വസ്തുവിനെയും ഒഴിവാക്കി കാണാനൊക്കില്ല. 'നിങ്ങളെപ്പോലെ തന്നെയുള്ള സമൂഹങ്ങൾ' എന്നാണ് അന്യ ജീവജാലങ്ങളെ ഖുർആൻ പരിചയപ്പെടുത്തുന്നത്. പാരിസ്ഥിതിക സംരക്ഷണം പോലും ദൈവികവും ദൈവമാർഗവുമായിത്തീരുന്നത് അതിനാലാണ്.

ഈ സമഗ്രമായ സങ്കൽപത്തിൽനിന്ന് ഇസ്‌ലാമിനെ അന്യവത്കരിച്ചതാണ് ഇസ്‌ലാമിക രാഷ്ട്രീയത്തെ വർഗീയമായ കോണിലൂടെ വീക്ഷിക്കാൻ ഇടവരുത്തിയത്. ഇസ്‌ലാമിക രാഷ്ട്ര നിർമാണസങ്കൽപം, ഒരു വർഗ മേധാവിത്വത്തിനുള്ള ശ്രമമായി വിലയിരുത്തപ്പെടുന്നതും അതുകൊണ്ടാണ്. എന്തിനേറെ, മുസ്‌ലിംകൾതന്നെ ഇസ്‌ലാമിക രാഷ്ട്ര പുനഃസ്ഥാപനത്തെക്കുറിച്ച് പറയുമ്പോൾ ആശയം നല്ലതാണ്, പക്ഷേ, പ്രായോഗികമല്ല എന്ന് പറയുന്നതിന്റെ അർഥവും മറ്റൊന്നല്ല. ആ സങ്കൽപത്തെ അവർ പോലും കാണുന്നത് ഒരു വർഗമേധാവിത്വത്തിന്റെ രൂപമായിട്ടാണ്. എല്ലാവരെയും മതപരിവർത്തനം നടത്തിയ ശേഷം ഉണ്ടാക്കുന്ന ഒരു മുസ്‌ലിം വർഗമേധാവിത്വമുള്ള രാഷ്ട്രത്തെക്കുറിച്ചാണ് ഇത് പറയുമ്പോൾ അവരോർക്കുന്നത്. പരലോകമോക്ഷം പരമ ലക്ഷ്യമായി കാണുന്ന ഇസ്‌ലാം, ഐഹികജീവിതത്തിൽ ദൈവത്തിന്റെ സൃഷ്ടികളായ സകല മനുഷ്യരുടെയും നന്മയും പുരോഗതിയും സുസ്ഥിതിയും സമാധാനവുമാണ് കാംക്ഷിക്കുന്നത് എന്ന വസ്തുത അന്യവിഭാഗങ്ങളിലേക്ക് വേണ്ടവിധം പ്രസാരണം ചെയ്യാൻ മുസ്‌ലിംസമൂഹത്തിനായിട്ടില്ല. അതിന് അവർക്ക് വിഘാതമായി നിൽക്കുന്നത്

ചിന്താ– കർമ തലങ്ങളിൽ പരമ്പരാഗതമായി അവർ പുലർത്തിപ്പോന്ന വിഭാഗീയവും വർഗീയവുമായ നിലപാടുകളുമാണ്. എങ്കിൽപിന്നെ സാമൂഹിക സുസ്ഥിതിയുടെ ഏറ്റവും യോഗ്യമായ പരിഹാരമായി ദൈവം നിശ്ചയിച്ച ഒരു കുറ്റമറ്റ സംവിധാനത്തിന്റെ (സകാത്തിന്റെ) ഗുണഭോക്താക്കളിൽനിന്ന് നമുക്കെങ്ങനെ മുസ്‌ലിമേതര ജനവിഭാഗങ്ങളെ ഒഴിച്ചുനിർത്താനാകും! സകാത്ത് എന്ന പദം തന്നെ സൂചിപ്പിക്കുന്നത് വളർച്ച, വികാസം, സംസ്കരണം എന്നൊക്കെയാണ്. വ്യക്തിയുടേതെന്ന പോലെത്തന്നെ സമൂഹത്തിന്റെയും നാടിന്റെയും സർവതോമുഖമായ വളർച്ചയും വികാസവും സാധിക്കലാണ് സകാത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു നാടിന്റെ പുരോഗതി, ആ നാട്ടിലെ മുഴുവൻ ജനങ്ങളുടെയും പുരോഗതിയെ ആശ്രയിച്ചാണല്ലോ സാധ്യമാവുക. നാട്ടിലെ ഒരു വിഭാഗത്തെ അവഗണിച്ച് മറ്റൊരു വിഭാഗം നേടുന്ന പുരോഗതി, സാമൂഹിക അസമത്വങ്ങളും അസ്വാരസ്യങ്ങളും മാത്രമേ വളർത്തൂ. 'നാം അവർക്ക് ഭൂമിയിൽ അധികാരം നൽകിയാൽ അവർ നമസ്കാരം നിലനിർത്തും. സകാത്ത് നൽകും...' എന്ന ഖുർആന്റെ പ്രസ്താവം തന്നെ സൂചിപ്പിക്കുന്നത്, ഒന്നാമതായി ദൈവത്തോടുള്ള ബാധ്യതകൾ നിർവഹിക്കുന്നവരും പിന്നെ മനുഷ്യർക്കിടയിൽ സകാത്തിന്റെ കുറ്റമറ്റ നിർവഹണത്തിലൂടെ സ്ഥിതിസമത്വത്തിലധിഷ്ഠിതമായ സാമൂഹികനീതി നടപ്പിലാക്കുന്നവരുമാണ് അവരെന്നാണ്.

## ഖുർആന്റെ കാലിക വായന

ഖുർആന് കാലികമായ വായനകൾ ഉണ്ടാകുന്നില്ല എന്നതാണ് മുഖ്യ പ്രശ്നം. പണ്ടേ പറഞ്ഞുവന്നവ അതേ പോലെ ആവർത്തിക്കപ്പെടുന്നു എന്നതിൽ കവിഞ്ഞ് അല്ലാഹുവിന്റെ അനശ്വര വചനങ്ങളെ പ്രഭാപൂരിതമാക്കാനുള്ള ഒരു ശ്രമവും നടക്കുന്നില്ല. ഖുർആനാകട്ടെ വിജ്ഞാന വിസ്ഫോടനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തും വരാനിരിക്കുന്ന കാലങ്ങളിലും മനസ്സിലാക്കപ്പെടുന്നത്ര തെളിമയോടെ പണ്ട് മനസ്സിലാക്കപ്പെട്ടിരിക്കില്ല എന്നതിനാൽ വിശേഷിച്ചും.

സകാത്തിന്റെ അവകാശികളായി എണ്ണിയ 'മനസ്സുകൾ ഇണക്കപ്പെടേണ്ടവർ' (വൽ മുഅല്ലഫതി ഖുലൂബുഹും) എന്ന പ്രയോഗം തന്നെ എടുക്കാം. പരമ്പരാഗതമായി എണ്ണിപ്പോരുന്ന ഏതാനും പരിമിത വിഭാഗങ്ങളെ മാത്രമേ അക്കൂട്ടരിൽ പരിഗണിക്കാവൂ എന്ന് എങ്ങനെ പറയാനാകും? സാങ്കേതികാർഥത്തിൽ ഇസ്‌ലാംവിരുദ്ധരല്ലാത്ത എല്ലാ അന്യസമൂഹങ്ങളെയും ഉൾക്കൊള്ളാൻ മാത്രം വിശാലമല്ലേ ആ സംജ്ഞ? ഇന്ന് ഇസ്‌ലാമിന്റേതും കുഫ്റിന്റേതുമല്ലാത്ത വലിയ വലിയ സമൂഹങ്ങൾ രൂപം കൊണ്ടിരിക്കുന്നു. ഈ സമൂഹങ്ങളിലധികവും ഇസ്‌ലാമിന്റെ ശത്രുക്കളല്ല, മഹാ ഭൂരിഭാഗത്തിനും ഇസ്‌ലാം എന്തെന്നുതന്നെ അറിഞ്ഞുകൂടാ. അവരിലാകട്ടെ പലരും മുസ്‌ലിംകളുമായുള്ള സഹവർത്തിത്വം കൊണ്ട് ഇസ്‌ലാമിനെയും മുസ്‌ലിംകളെയും സ്നേഹിക്കുന്നവരാണ്. ഇത്തരക്കാരെ മനസ്സുകൾ ഇണക്കപ്പെട്ടവരിലല്ലാതെ മറ്റേത് വിഭാഗത്തിൽ പെടുത്തും?

അപ്പോൾ നിങ്ങളെ സ്നേഹിക്കുന്നവർ, നിങ്ങളുടെ സ്നേഹിതർ, നിങ്ങളോട് സഹകരണം പുലർത്തുന്നവർ എന്നും ആയിക്കൂടേ 'മനസ്സുകൾ ഇണക്കപ്പെട്ടവർ' എന്നതിന്റെ താൽപര്യം? അങ്ങനെ വരുമ്പോൾ മുസ്‌ലിംകളോട് സഹകരിക്കുന്ന, അവരോട് അനുഭാവം പുലർത്തുന്ന, ശത്രുത കാണിക്കാത്ത എല്ലാ ജനവിഭാഗങ്ങൾക്കും സകാത്ത് നൽകണമെന്നല്ലേ ദൈവം ആജ്ഞാപിച്ചിട്ടുണ്ടാവുക?

മറ്റൊരു ഉദാഹരണമാണ് അതേ സൂക്തത്തിൽ പറഞ്ഞ 'ഇബ്നുസ്സബീലി'ന്റെ കാര്യവും. ഇന്നോളം 'വഴിയാത്രക്കാരൻ' എന്നാണ് അതിനർഥം പറഞ്ഞുവരാറ്. അക്കാലത്ത് വഴിയാധാരമാക്കപ്പെട്ട 'തെരുവിന്റെ പുത്രന്മാർ' യാത്രക്കാരായിരുന്നു എന്നതാകാം അങ്ങനെ അർഥകൽപന നടത്താൻ പ്രേരകമായിട്ടുണ്ടാവുക. ഇന്ന് യാത്രക്കാരൻ വഴിയാധാരമാക്കപ്പെടുന്ന ഒരവസ്ഥയും നിലവിലില്ല. എന്നാലോ വഴിയാധാരമാക്കപ്പെടുന്ന 'തെരുവിന്റെ സന്തതികൾ' അഭയാർഥികളും പ്രകൃതിദുരന്തബാധിതരും മറ്റുമായി പല വിഭാഗങ്ങളും ഉണ്ടുതാനും. ഖുർആന്റെ ഈ പ്രയോഗം പിഴുതെറിയപ്പെട്ട മുഴുവൻ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളാൻ മാത്രം വിപുലമല്ലേ? എന്നിട്ടും എന്തുകൊണ്ട് ആ തലത്തിലുള്ള ചിന്തകളും പഠനങ്ങളും നടക്കുന്നില്ല? ഇക്കാലത്തെ മനുഷ്യർക്ക് പണ്ടുള്ള പണ്ഡിതന്മാരെപ്പോലെ ചിന്താശക്തി ഇല്ലെന്നാണോ? ഖുർആന് പണ്ടേതോ നൂറ്റാണ്ടിൽ ആരോ എഴുതിയ ടിപ്പണിക്ക് വിധേയരായി ആ നൂറ്റാണ്ടിന്റെ തടവറയിൽ ജീവിക്കേണ്ടവരല്ലല്ലോ നമ്മൾ.

ഈയിടെ ലോകശ്രദ്ധ പിടിച്ചുപറ്റിയ ഒരു സംഭവം പാകിസ്താനിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. പോലീസ് വേഷത്തിൽ വന്ന 12 ഗുണ്ടകൾ ഒരമ്മയെയും മകളെയും തട്ടിക്കൊണ്ടുപോയി, മാതാവിനെ അടിച്ച് പരിക്കേൽപിച്ച ശേഷം യുവതിയെ ക്രൂരമായി ബലാത്സംഗം ചെയ്തു. നിയമപാലകർ കാപാലികരെ പിടിച്ചു. പക്ഷേ തട്ടിക്കൊണ്ടുപോകലിന് മാത്രമേ അവർ കേസെടുത്തുള്ളൂ. ബലാത്സംഗത്തിന് കേസെടുക്കാൻ ഇസ്‌ലാമിക ശരീഅത്ത് അനുസരിച്ച് ഉമ്മക്കും യുവതിക്കും നാല് സാക്ഷികളെ ഹാജരാക്കാനായില്ല എന്നതായിരുന്നു കാരണമായി പറഞ്ഞത്!

റിപ്പോർട്ട് ചെയ്യപ്പെട്ട പോലെത്തന്നെയാണ് സംഭവം നടന്നതെങ്കിൽ, എത്ര ക്രൂരമാണാ നിലപാട്! വ്യഭിചാരാരോപണം തെളിയിക്കാൻ നാല് സാക്ഷികൾ വേണമെന്ന് ഇസ്‌ലാമിക ശരീഅത്ത് നിശ്ചയിച്ചപ്പോൾ കൊടും ഭീകരരായ കുറ്റവാളികൾ രക്ഷപ്പെടട്ടെ എന്നാവില്ലല്ലോ ഉദ്ദേശിച്ചിരിക്കുക? മാനവികതയുടെ സംരക്ഷണത്തിനു വേണ്ടി മാത്രം അവതീർണമായത് എന്ന് പറയാവുന്ന ഒരു ശരീഅത്തിനെയാണ് ഇത്രയേറെ നിഷ്ഠുരമായി ചിത്രീകരിക്കുന്നത്. കാലത്തിന്റെയും ആവശ്യത്തിന്റെയും സന്ദർഭത്തിന്റെയും താൽപര്യമനുസരിച്ച് ശരീഅത്തിന്റെ വിധികളെ നിർധാരണം ചെയ്യാൻ അതത് കാലത്തെ പണ്ഡിത സമൂഹം വിമുഖത കാണിക്കുന്നതല്ലേ ഇത്തരം അപഹാസ്യമായ നിലപാടുകൾക്ക് ഹേതുവായി ഭവിക്കുന്നത്?

## എന്താണ് മാർഗം?

ഇങ്ങനെ ഇസ്‌ലാമിക ശരീഅത്ത് അമാനവികവും ക്ലിഷ്ടവുമായി പോകുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ കണ്ടെത്താനാകും. മുൻകഴിഞ്ഞ പണ്ഡിതന്മാരുടെ നിലപാടുകളെ പരമ്പരാഗതമായി പിന്തുടർന്നുപോരുന്നതു കൊണ്ട് മാത്രം സംഭവിച്ച അപചയങ്ങൾ. ഇസ്‌ലാം പ്രാകൃതവും അമാനവികവും ക്രൂരവും ഭീകരവുമാണെന്നുള്ള ശത്രുക്കളുടെ പ്രചാരണത്തിന് ഇന്ധനം നൽകി സഹായിക്കുകയാണ് ഇത്തരം വ്യാഖ്യാനങ്ങൾ.

പാരമ്പര്യങ്ങളുടെ നിയതവും അചേതനവുമായ അനുധാവനങ്ങൾക്കു പകരം, ഖുർആന്റെ ആത്മചൈതന്യം ഉൾക്കൊണ്ട്, അതിനെ കാലികമായി പ്രതിനിധീകരിക്കാനും വിശകലനം ചെയ്യാനും ആർജവമുള്ള പണ്ഡിതവൃന്ദത്തിന്റെ പുനഃസൃഷ്ടിയാണ് ഈ പരിതാവസ്ഥയിൽനിന്ന് സമൂഹത്തെയും ഇസ്‌ലാമികശരീഅത്തിനെയും രക്ഷിക്കാനുള്ള ഏക മാർഗം. അത്തരം നിലപാടുകളെ പാരമ്പര്യരീതികളിൽനിന്ന് മുക്തമായി വിവേചന ബുദ്ധിയോടെ ഉൾക്കൊള്ളാൻ ആർജവം കാണിക്കുന്ന സമൂഹവും ഉരുത്തിരിഞ്ഞുവരേണ്ടതുണ്ട്. ചരിത്രത്തിൽ വിജയിച്ച സമൂഹത്തെ ഖുർആൻ വിലയിരുത്തുന്നത് അവരുടെ വിശ്വാസദാർഢ്യത്തിന്റെയും കർമകുശലതയുടെയും അടിസ്ഥാനത്തിലാണ്. വിശ്വാസം മുറുകെപ്പിടിക്കുകയും *സ്വാലിഹാത്ത്* പ്രവർത്തിക്കുകയും ചെയ്തവർ വിജയിച്ചു എന്ന് ഖുർആൻ കാലത്തെപ്പിടിച്ച് ആണയിട്ട് പറയുന്നു. *സ്വാലിഹാത്ത്* എന്നതുകൊണ്ടുള്ള വിവക്ഷ, കാലികമായും സാന്ദർഭികമായും ആവശ്യമുള്ളത് പ്രവർത്തിക്കുക എന്നതാണ്. എണ്ണപ്പെട്ട സൽക്കർമങ്ങൾ മാത്രമല്ല അതിന്റെ വരുതിയിൽ വരിക. ഖുർആന്റെ ആത്മാവുമായി പൊരുത്തപ്പെടുന്ന, സന്ദർഭാനുസാരമുള്ള ഏത് പ്രവർത്തനവുമാണ് അതുകൊണ്ട് ഉദ്ദേശിച്ചത്. *സ്വാലിഹ്* എന്ന് പറ

ഞ്ഞാൽ അറബിഭാഷയിൽ യോജ്യമായത്, ഫിറ്റ് ആയത് എന്നൊക്കെയാണ്. *സ്വാലിഹായ* വ്യക്തി എന്നാകുമ്പോൾ യോഗ്യനായ, കൊള്ളാവുന്ന വ്യക്തി എന്നർഥം.

അതിനാൽ ജീവിതത്തിനാവശ്യമായിവരുന്ന നേർമാർഗത്തിന്റെ കൈത്തിരികൾ അന്വേഷിച്ച് ആദ്യമായും നേരിട്ടും സമീപിക്കേണ്ടത് ഖുർആനെത്തന്നെ ആയിരിക്കണം. അതത് കാലത്തെ പണ്ഡിതന്മാർ അതിന് മുൻകൈയെടുത്ത് മുന്നോട്ടുവരാൻ ആർജവം കാണിക്കേണ്ടതുണ്ട്. ഇന്നത്തെപ്പോലെ മുൻകഴിഞ്ഞ പണ്ഡിതന്മാരുടെ നിഗമനങ്ങളന്വേഷിക്കുകയോ അവരുടെ വചനങ്ങളിലൂടെ ഖുർആനിലേക്കെത്തുകയോ ആകരുത് ശരിയായ വഴി. ഖുർആനിൽനിന്ന് ആരംഭിച്ച് അവസാനതലത്തിൽ വേണമെങ്കിൽ പണ്ഡിതമതങ്ങളിലേക്കെത്തുന്നതിന് വിരോധമില്ല. പക്ഷേ ഒന്നാമത്തെ മേച്ചിൽപുറം അതായിക്കൂടാ. പരിമിതികൾക്ക് ധാരാളം സാധ്യതയുള്ള അത്തരം വീക്ഷണങ്ങൾ ഖുർആന്റെ വിശാലമായ അർഥതലങ്ങളെ പിന്നെയും പരിമിതപ്പെടുത്തുകയേയുള്ളൂ. മുൻധാരണകൾ സൃഷ്ടിക്കപ്പെട്ട ശേഷമാണ് ഖുർആനിലേക്കെത്തുന്നത് എന്നതിനാൽ പ്രത്യേകിച്ചും.

## ഇജ്തിഹാദിന്റെ രീതി

പ്രവാചകന്റെ മാർഗമാണ് ഏത് വിഷയത്തിലുമെന്നപോലെ ഈ വിഷയത്തിലും പിൻപറ്റേണ്ടത്. ഖുർആനെ എങ്ങനെ അതിന്റെ ആത്മസത്തക്ക് അനുരോധമായി കാലികമായും ആവശ്യാനുസാരവും വ്യാഖ്യാനിക്കാം എന്നായിരുന്നു പ്രവാചകൻ കാണിച്ചുതന്ന ഒന്നാമത്തെ സുന്നത്ത്. വഹ്‌യ് ലഭിച്ചുകൊണ്ടിരുന്ന കാലമായിരുന്നിട്ടുകൂടി, എല്ലാ വിഷയങ്ങളിലും വഹ്‌യിലൂടെ തന്നെ തീരുമാനങ്ങൾ ലഭ്യമാവാൻ പ്രവാചകൻ കാത്തിരുന്നിട്ടില്ല. ഖുർആന്റെ മൗലികതത്ത്വങ്ങൾക്ക് അനുഗുണമായി അപ്പപ്പോൾ തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കുകയായിരുന്നു പ്രവാചകൻ. അതിലവിടുന്ന് ഉദാരമായി തന്റെ അനുചരന്മാരോട് കൂടിയാലോചിച്ചു.

ഖുർആൻ തന്നെ കൂടിയാലോചന ആവശ്യപ്പെടുന്നതായി കാണാം. 'അവരുടെ കാര്യം അവർക്കിടയിൽ കൂടിയാലോചിച്ച് തീരുമാനിക്കുക'. എപ്പോഴും ദൈവികമായ ഇടപെടലുകൾ തന്നെ വേണ്ടിയിരുന്നുവെങ്കിൽ, കൂടിയാലോചിച്ച് തീരുമാനിക്കാൻ പറയേണ്ടിയിരുന്നില്ല. ദൈവികനിർദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രവാചകൻ ഒറ്റക്ക് തീരുമാനങ്ങളെടുത്ത് നടപ്പിലാക്കിയാൽ മതിയായിരുന്നു. പക്ഷേ സർവജ്ഞനായ അല്ലാഹു സർവകാലത്തും സർവ ജനങ്ങൾക്കും മാർഗദർശനമായി നിലനിൽക്കേണ്ട ഖുർആൻ, എന്നും വഹ്‌യിന്റെ അടിസ്ഥാനത്തിൽതന്നെ വ്യാഖ്യാനിക്കപ്പെടണമെന്നല്ല നിശ്ചയിച്ചത്. അത് പ്രായോഗികമല്ല. ദൈവികമായ മനുഷ്യപ്രകൃതിക്ക് ചില അടിസ്ഥാനങ്ങൾ നിർണയിച്ചുനൽകിയാൽ തന്നെ, ജീവിതത്തിന്റെ വിശദാംശങ്ങളിൽ ആ മാർഗനിർദേശങ്ങൾ കണ്ടെത്താനാകും എന്ന് ദൈവത്തിനറിയാം.

## പ്രവാചകനെ പിൻപറ്റൽ

പ്രവാചകനെ പിൻപറ്റുക എന്നതിന്റെ ശരിയായ അർഥം, ഈ രംഗത്ത് തിരുമേനി എന്തു ചെയ്തു എന്ന് നോക്കി അദ്ദേഹത്തെ അനുകരിക്കലാണ്. അദ്ദേഹം ഖുർആൻ വ്യാഖ്യാനിച്ചുകാണിച്ചതെങ്ങനെ എന്ന് മനസ്സിലാക്കി അതേപോലെ ഖുർആന് കാലികമായ വ്യാഖ്യാനങ്ങൾ നൽകി നിലവിലെ ജീവിതയാഥാർഥ്യങ്ങളോട് അതിനെ സമരസപ്പെടുത്തുക എന്ന ധർമം നിർവഹിക്കലാണ്. അല്ലാതെ ഇന്ന് പലരും മനസ്സിലാക്കിയപോലെ, പ്രവാചകന്റെ വചനങ്ങളോ കർമങ്ങളോ അക്ഷരംപ്രതി പിൻപറ്റുക എന്നതല്ല. എത്ര വാദിച്ചാലും പൂർണമായും അതിനെ പിൻപറ്റുക സാധ്യവുമല്ല. എന്തുകൊണ്ടെന്നാൽ, പ്രവാചകന്റെ ഒരു വിഷയത്തിൽതന്നെയുള്ള വിവിധ സന്ദർഭങ്ങളിലെ നിലപാടുകൾ വ്യത്യസ്തങ്ങളായിരുന്നു. പല വിഷയങ്ങളിലും രണ്ട് നിലപാടുകളെങ്കിലും സ്വീകരിച്ച വിവിധ സന്ദർഭങ്ങൾ പ്രവാചകജീവിതത്തിൽ കാണാനാകും. തദടിസ്ഥാനത്തിലാണ് കർമശാസ്ത്ര രംഗത്ത് ഒട്ടനവധി വീക്ഷണ വൈജാത്യങ്ങളുണ്ടായത്.

പ്രവാചകന്റെ ഇത്തരം വ്യത്യസ്തമായ നിലപാടുകളെ പണ്ഡിതന്മാർ കൈകാര്യം ചെയ്ത രീതിയും വിശകലനമർഹിക്കുന്നു. അവ സമന്വയിപ്പിക്കുന്നതിന് പണ്ഡിതന്മാർ സ്വീകരിച്ചുപോന്ന ഒരു വഴിയുണ്ട്: നിലപാടുകൾ വിരുദ്ധങ്ങളായി വരുമ്പോൾ, ഏതെങ്കിലുമൊരു നിലപാടിന്, അവർ കാണുന്ന കാരണങ്ങൾ നിരത്തി മുൻതൂക്കം നൽകി (തർജീഹ്) മറ്റേതിനെ തിരസ്കരിക്കുന്ന രീതി.

എന്തിനീ രീതി അവലംബിക്കണം? ഒരു അഭിപ്രായത്തിന് മുൻതൂക്കം നൽകുമ്പോൾ പ്രശ്നം കൈകാര്യം ചെയ്യുന്ന പണ്ഡിതന്റെ മുൻധാരണകളും മറ്റും അതിൽ സ്വാധീനം ചെലുത്തുമെന്ന കാര്യം നമുക്ക് മാറ്റിനിർത്താം. സാഹചര്യത്തിന്റെയും കാലത്തിന്റെയും സ്ഥലത്തിന്റെയും വ്യത്യാസമനുസരിച്ച് വിധികൾക്ക് മാറ്റമുണ്ടാകാമെന്നത് സർവാംഗീകൃതമായ തത്ത്വമാണെന്നിരിക്കെ, ആ തലത്തിൽ തന്നെയല്ലേ പ്രവാചകന്റെ ഭിന്ന നിലപാടുകളെയും കാണേണ്ടത്? ഒരേ വിഷയത്തിൽതന്നെ പ്രവാചകൻ വ്യത്യസ്ത നിലപാടുകളെടുത്തതായി കാണുന്നത് സാഹചര്യത്തി ന്റെയും സന്ദർഭങ്ങളുടെയും താൽപര്യമനുസരിച്ചായിരുന്നു എന്നല്ലേ, മനസ്സിലാക്കപ്പെടേണ്ടത്? എങ്കിൽപിന്നെ ആ 'വൈരുധ്യങ്ങളെ' സംയോജിപ്പിക്കേണ്ട ആവശ്യമെന്തുണ്ട്?

## നിയമങ്ങളിൽ നീക്കുപോക്കുകൾ

ചിലപ്പോൾ അനുവദിച്ച കാര്യങ്ങൾ സാഹചര്യത്തിന്റെ താൽപര്യമനുസരിച്ച് താൽക്കാലികമായി നിരോധിച്ചു അല്ലെങ്കിൽ മരവിപ്പിച്ചുനിർത്തി എന്നു വരാം. പ്രാഥമികഘട്ടത്തിലുള്ള ഒരു സമൂഹത്തോടും വളരെ പുരോഗമിച്ച സമൂഹത്തോടുമുള്ള സമീപനങ്ങൾ വ്യത്യസ്തമായിരിക്കും എന്നതിൽ സംശയമുണ്ടാകേണ്ടതില്ല. ആദ്യം ഖബ്ർ സന്ദർശനം നിരോധിക്കുകയും പിന്നീട് അത് അനുവദിക്കുകയും ചെയ്ത പ്രവാചകന്റെ നടപടി അതാണ് സൂചിപ്പിക്കുന്നത്. മദ്യനിരോധത്തിൽ വിവിധ ഘട്ടങ്ങൾ സ്വീകരിക്കേണ്ടിവന്നതും ആ ഒരു വികാസപരിണാമത്തിന്റെ തലത്തിൽ നിന്നുകൊണ്ടായിരുന്നു. അതിനാൽ തന്നെ പ്രവാചകന്റെ ഏതെങ്കിലും ഒരുനിലപാടിനെ ന്യായീകരിക്കാൻ മറ്റൊരു നിലപാടിനെ തള്ളിക്കളയേണ്ടതില്ല. ആ നിലപാടുകളൊക്കെ സാഹചര്യങ്ങൾ പുനരവതരിക്കുമ്പോൾ പ്രസക്തങ്ങളും അനിവാര്യതകളുമായി ഭവിക്കും. സാമൂഹികഘടനയിൽ പ്രാഥമിക സമൂഹവും വികസ്വര സമൂഹവും വികസിതസമൂഹവുമൊക്കെ എന്നെന്നും നിലനിൽക്കുന്ന പ്രതിഭാസങ്ങളാണല്ലോ.

എന്നല്ല പുതിയ സാഹചര്യങ്ങൾ ചിലപ്പോൾ പ്രവാചകന് സ്വീകരിക്കേണ്ടി വന്നിട്ടില്ലാത്ത, മൂന്നാമതൊരു നിലപാടു കൂടി സ്വീകരിക്കാൻ നിർബന്ധിച്ചേക്കാം. പ്രവാചകൻ രണ്ട് നിലപാടെങ്കിലുമെടുത്ത ഒരു വിഷയത്തിൽ മൂന്നാമതൊരു നിലപാട് ഉണ്ടായിക്കൂടാ എന്ന് പറയുന്നതിൽ ന്യായമൊന്നില്ല. സാഹചര്യത്തിന്റെ താൽപര്യമനുസരിച്ച് വേറൊരു നിലപാട് സ്വീകരിക്കാൻ പാടില്ലാത്തതാണെന്ന് ഖുർആനോ പ്രവാചകനോ വിലക്കിയതായും കാണാനൊക്കില്ല. പക്ഷേ അങ്ങനെ പുതുതായെടുക്കുന്ന ഏതു നിലപാടും ഖുർആന്റെ മൗലികാശയവുമായും പാഠങ്ങളുമായും സമരസപ്പെടുന്നതാകണം എന്നു മാത്രം.

ചുരുക്കത്തിൽ, ഖുർആനും സുന്നത്തും അടിസ്ഥാനപ്പെടുത്തിയുള്ള ഗവേഷണ(ഇജ്തിഹാദ്)ത്തിന്റെ സമ്പൂർണമായ പുനരവതരണമാണ് പ്രശ്നപരിഹാരത്തിന്റെ കാതലായ വശം. അതാകട്ടെ ഏൽപിച്ചിട്ടുള്ളത് അതത് കാലത്തെ പണ്ഡിതന്മാരെയാണ്. പണ്ഡിതന്മാർ നബിമാരുടെ അനന്തരാവകാശികളാണ് എന്ന് പ്രവാചകൻ പഠിപ്പിച്ചതിന്റെ പൊരുളും മറ്റൊന്നല്ല. ഇന്നും പണ്ഡിതന്മാർ ആ ധർമം നിർവഹിക്കാൻ ബാധ്യസ്ഥരാണ്. അതിലാണ് സമൂഹത്തിന്റെ നന്മ. ■

nkmshukoor@gmail.com